# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P<br>9447083300 | Adv. SIBYKUTTY FRANCIS<br>9447303578 | NAZEER.M<br>9447241503 |


No. KEEC/GL/2024/69

തിരുവനന്തപുരം
19.08.2024

സ്വീകർത്താവ്
ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

വിഷയം : മുടങ്ങിക്കിടക്കുന്ന ആശ്രിത നിയമനം ഉടൻ നടത്തുന്നത് സംബന്ധിച്ച്.

KSEBL ൽ ജോലി ചെയ്തു വരുന്ന ജീവനക്കാർ മരണപ്പെടുമ്പോൾ അവരുടെ ആശ്രിതർക്ക് നിയമപരമായി അവകാശപ്പെട്ട ആശ്രിത നിയമനം നാളുകളായി തടസ്സപ്പെട്ടിരിക്കുകയാണ്. സർക്കാരിൽ നിന്നും വിഭിന്നമായി KSEBL ലെ ആശ്രിതനിയമനം ലഭിക്കേണ്ടിവരുന്നത് പ്രധാനമായും ജോലിക്കിടയിൽ അപകടം സംഭവിച്ചവരുടെ ആശ്രിതർക്കാണ്. നാടിനും, ജനങ്ങൾക്കും, KSEB ക്കും വേണ്ടി സേവനമർപ്പിച്ചവർ മരണപ്പെട്ടിട്ട് നാളുകളായിട്ടും നിയമനം ലഭിക്കുന്നില്ലായെന്നത് ഖേദകരവും പ്രതിഷേധാർഹവുമാണ്. അതിനെ സംഘടനയ്ക്ക് ഒരിക്കലും അംഗീകരിക്കാനാവില്ല

OA തസ്തികയിലേക്കുള്ള ആശ്രിത നിയമനങ്ങൾ ബോർഡ് ഉത്തരവായിട്ടും നിയമനം തടസ്സപ്പെട്ടിരിക്കുകയാണ്. ഇടതുസർക്കാരിന്റെ കാലത്ത് 2010 ൽ തടയപ്പെട്ടിരുന്നുവെങ്കിൽ പിന്നീട് ശ്രീ. ആര്യാടൻ മുഹമ്മദ് മന്ത്രിയായപ്പോൾ 2015 ൽ എല്ലാം കൃത്യമായി നടത്തിയിരുന്നു. അന്ന് നിലവിൽ OA തസ്തികയിൽ ഉണ്ടായിരുന്നവർക്ക് ക്വാട്ട പ്രകാരം കാഷ്യർ തസ്തികയിൽ പ്രമോഷൻ നൽകിയതിനുശേഷം OA തസ്തികയിൽ ആശ്രിത നിയമനം നടത്തിയിരുന്നു. ഇപ്പോൾ ക്വാട്ടയിലുള്ള ഒഴിവുകളിലേക്ക് നിലവിലുള്ള OA മാർ ഉൾപ്പടെയുള്ളവർക്ക് (below the scale of cashier ഉള്ളവർ) പ്രമോഷൻ നൽകി, OA തസ്തികയിലേക്ക് നിയമനം നടത്തേണ്ടുന്നതാണ്. നിയമനം കാത്തിരിക്കുന്ന 99 % പേരും ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിച്ച് മരണപ്പെട്ടവരുടെ ആശ്രിതരാണ്. വൈദ്യുതി ഭവനിൽ 60 ഓളം പേരെ OA മാരായി കോൺട്രാക്റ്റിൽ ഇരുത്തി ശമ്പളം നൽകിയിട്ട് ഒഴിവുകൾ ഇല്ലായെന്ന് പറയുന്നത് ന്യായവും നിയമപരവുമല്ല. 24.02.204 ൽ ലഭിച്ച വിവരാവകാശ മറുപടി പ്രകാരം OA -135,

മീറ്റർ റീഡർ - 5, കാഷ്യർ -30, സബ് എഞ്ചിനീയർ (ഇല) - 8, സബ് എഞ്ചിനീയർ (സിവിൽ) - 4, PTC - 3, ഡ്രൈവർ - 1 പേർക്ക് ആശ്രിതനിയമനം നൽകാനുണ്ട്.

കാഷ്യർമാരുടെ നിരവധി ഒഴിവുകൾ ഉണ്ടായിട്ടും കാഷ്യർ തസ്തികയിലേക്ക് ഇന്റർവ്യൂ കഴിഞ്ഞവരുടെ ബോർഡുത്തരവുപോലും പുറത്തിറക്കാൻ കഴിഞ്ഞ 6 മാസമായി സാധിച്ചിട്ടില്ലായെന്നതും അത്യന്തം ഖേദകരമാണ്. ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിച്ചവരുടെ ആശ്രിതരോട് ബഹുമാനം കാണിക്കാൻ ബാധ്യതയുള്ള ബോർഡിന്റെ ഭാഗത്തുനിന്നും അവജ്ഞ ഉണ്ടായത് എന്തിന്റെ പേരിലെന്ന് അന്വേഷിക്കണമെന്നും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും നിയമനങ്ങൾ ഉടൻ നടത്തുന്നതിനുള്ള നിർദ്ദേശം ചീഫ് എഞ്ചിനീയർ (HRM) ന് നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

| | | |
|---|---|---|
| കെ.പി.ധനപാലൻ Ex.MP | അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ് | നസീർ.എം |
| പ്രസിഡന്റ് | വർക്കിംഗ് പ്രസിഡന്റ് | ജനറൽ സെക്രട്ടറി |

KERALA ELECTRICITY EMPLOYEES' CONFEDERATION
Reg: No. 01-14/87
AFFI. No 1048
INTUC